പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# മത്സ്യത്തൊഴിലാളികളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3243

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ ഭൂരിഭാഗം മത്സ്യ ത്തൊഴിലാളികളും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ മത്സ്യത്തൊഴിലാളികളെ മുഴുവനും ബി.പി.എൽ. പട്ടികയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) | 2009 ബി.പി.എൽ. സർവ്വേ പ്രകാരം സർവ്വേ ചെയ്ത കുടുംബങ്ങളിൽ നിന്നും 14.01.2011-ലെ 16/ത.സ്വ.ഭ.വ./11 നമ്പർ ഉത്തരവിന്റെ അടിസ്ഥാന ത്തിലുള്ള സൂചകങ്ങളുടെയും, വെയിറ്റേജ് മാർക്കുകളുടെയും അടിസ്ഥാനത്തിലാണ് ബി.പി.എൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ പരമ്പരാഗത മീൻപിടുത്തക്കാർ, അനുബന്ധ തൊഴിലിലേർപ്പെടുന്ന വർക്കും പ്രത്യേക പരിഗണന നൽകി ബി.പി.എൽ. പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 27.04.2012-ലെ 112/ത.സ്വ.ഭ.വ/12 പ്രകാരം പൊതുവായ അധിക മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടു വിച്ചിട്ടുണ്ട്. സമൂഹത്തിലെ ഏറ്റവും ദരിദ്ര ജനവിഭാഗത്തെ ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തുക എന്ന ഉദ്ദേശ ത്തോടെയാണ് ബി.പി.എൽ. സർവ്വേ നടത്തുന്നത്. മേൽ സാഹചര്യ ത്തിൽ മത്സ്യതൊഴി ലാളികളെ മുഴുവനും ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തു വാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ല. |

Sheeja

സെക്ഷൻ ഓഫീസർ